# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.562** **21.11.2019 ൽ മറുപടിക്ക്**

### പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**,, ആർ. രാജേഷ്**<br>**,, എസ്.രാജേന്ദ്രൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>• കെട്ടിടത്തിനുള്ള സ്ഥല ലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾ തന്നെ ഉറപ്പ് വരുത്തുന്നുണ്ട്.<br>• പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി പത്ത് ദിവസത്തിനുള്ളിൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നുണ്ട്. റേറ്റ് ഓഫ് പ്രോഗ്രസ് ഓഫ് വർക്ക്സ് ചാർട്ട് തയ്യാറാക്കി എഗ്രിമെന്റിൽ ഉൾപ്പെടുത്താറുണ്ട്.<br>• പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡ്രോയിംഗ്സ് നൽകി വരുന്നുണ്ട്.<br>• വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.<br>• കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. |

- കരാറുകാരന്റെ വീഴ്ചമൂലം നിശ്ചിത കാലാവധിയ്ക്കപ്പുറം പ്രവൃത്തി നീണ്ടു പോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാനുവൽ (2112.1) പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ ഉണ്ട്. അതു പ്രകാരം പിഴ ഈടാക്കാറുമുണ്ട്.
- കൂടാതെ നിശ്ചിത കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരന് എസ്റ്റിമേറ്റ് പി.എ.സി.യുടെ (2.5 കോടിക്കു മുകളിൽ) 1% അല്ലെങ്കിൽ 4 ലക്ഷം രൂപ (ഏതാണോ കുറവ്) എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുമുണ്ട്.

| | | | |
|---|---|---|---|
| (ബി) | നാഷണൽ ബിൽഡിംഗ് കോഡ്, നാഷണൽ ബിൽഡിംഗ് റൂൾ എന്നിവയനുസരിച്ചുള്ള കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിനു കീഴിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ബിൽഡിംഗ് കോഡ് അടിസ്ഥാനപ്പെടുത്തിയുള്ള കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 എന്നിവ അനുസരിച്ച് തന്നെയാണ് ഡിസൈൻ ചെയ്യുന്നതും നടപ്പിലാക്കി വരുന്നതും. മുനിസിപ്പൽ കെട്ടിട നിയമങ്ങളിലും പഞ്ചായത്ത് കെട്ടിട നിയമങ്ങളിലും പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകളാണ് അനുവർത്തിക്കുന്നത്. |
| (സി) | കെട്ടിട നിർമ്മാണത്തിനായി പ്രാദേശികമായി ലഭ്യമായ നിർമ്മാണസാമഗ്രികൾ പരമാവധി ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ; | (സി) | കെട്ടിട നിർമ്മാണത്തിനായി പ്രാദേശികമായി ലഭ്യമായ നിർമ്മാണ സാമഗ്രികൾ തന്നെയാണ് പരമാവധി ഉപയോഗിച്ചു വരുന്നത്. |

(ഡി) പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ ലഭിക്കുന്ന ഉപയോഗപ്രദമായ സാമഗ്രികൾ വീണ്ടും ഉപയോഗിക്കുന്നതിന് സാധിക്കുമോ എന്ന് പരിശോധിക്കുമോ;

(ഡി) പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ ലഭിക്കുന്ന കരിങ്കല്ല്, ചുടുകട്ട, തടി തുടങ്ങിയ ഉപയോഗപ്രദമായ വസ്തുക്കൾ അതേ പ്രദേശത്തുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(ഇ) പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ നടത്തുമ്പോൾ കെട്ടിടത്തിന്റെ ബലപരിശോധന നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ?

(ഇ) പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ അറ്റകുറ്റപ്പണികളോ നടത്തുമ്പോൾ അതിനു മുന്നോടിയായി പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൽ നിന്നും അഭിപ്രായം വാങ്ങുകയും അത് പ്രകാരമുള്ള ടെസ്റ്റുകൾ ചെയ്യുന്നതിനായി KHRI (Kerala Highway Research Institute) യെയോ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയോ NIT പോലുള്ള സ്ഥാപനങ്ങളെയോ സമീപിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**